ആർ ബി ഐ/2006-2007/222

യു ബി ഡി, പി സി ബി, സർക്കുലർ നമ്പർ

ഡിസംബർ 28, 2006

25/09.09.39-000/06-07

ദി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ / പ്രൈമറി (അർബൻ) സഹകരണ ബാങ്കുകൾക്കും

സർ/മാഡം

**ചെക്കു ഡ്രോപ്പ് സൗകര്യവും, കൈപ്പറ്റിയ വിവരം അറിയിക്കുന്നതിനുള്ള സൗകര്യവും - യൂ സി ബി കൾ**

പല ബാങ്കു ശാഖകളിലും കൗണ്ടറിൽ ചെക്കുകൾ സ്വീകരിക്കുന്നില്ലെന്നും അവ പെട്ടിയിൽ നിക്ഷേപിക്കേണ്ടി വരുന്നുവെന്നും റിസർവ് ബാങ്കിനും ഓംബുഡ്സ്മാനും പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു.

2. അതുകൊണ്ട് ബാങ്കുകൾ മുകൾപ്പറഞ്ഞ സാഹചര്യത്തിൽ ഇടപാടുകാരെ ചെക്കുകൾ പെട്ടികളിൽ ഇടാൻ നിർബന്ധിക്കരുത്. ചെക്കുകൾ പെട്ടിയിലിടാനുള്ള സൗകര്യം പോലെ ചെക്കുകൾ ബാങ്ക് കൗണ്ടറുകളിൽ കൊടുത്ത് അവിടെ നിന്നും രസീത് ലഭിക്കുവാനുള്ള സൗകര്യം ഇടപാടുകാർക്ക് ലഭ്യമാക്കണം. കൗണ്ടറിൽ ചെക്കു കൊടുത്ത ശേഷം രസീത് വേണമെന്ന് ഇടപാടുകാരൻ ആവശ്യപ്പെട്ടാൽ ഒരു ബാങ്ക് ശാഖയും അതു നിരസിക്കാൻ പാടില്ല.

3. ചെക്കു നിക്ഷേപ പെട്ടികൾ നടപ്പാക്കിയിടത്തെല്ലാം രണ്ടു രീതികളും നിലവിലുണ്ടെന്ന് ഉപഭോക്താക്കളെ അറിയിക്കണം. അതായത് പെട്ടികളിൽ ചെക്കിടുകയോ, കൗണ്ടറിൽ കൊടുത്തു രസീതു വാങ്ങിക്കുകയോ ചെയ്യാം എന്ന വിവരം ചെക്കുപെട്ടിയിൽ തന്നെ പരസ്യമായി ഇപ്രകാരം എഴുതിവയ്ക്കണം:

"ഇടപാടുകാർക്ക് ചെക്കുകൾ കൗണ്ടറിൽ കൊടുത്തു രസീത് വാങ്ങാനുള്ള സൗകര്യവും നിലവിലുണ്ട്."

മുകളിൽ പറഞ്ഞപരസ്യം ഇംഗ്ലീഷ്, ഹിന്ദി, എന്നി ഭാഷകളിലും പ്രാദേശിക ഭാഷയിലുമെഴുതി പ്രദർശിപ്പിക്കണം.

4. കത്ത് കിട്ടിയ വിവരം ബന്ധപ്പെട്ട പ്രാദേശിക ഓഫീസിൽ അറിയിയ്ക്കുക.

വിശ്വസ്തതയോടെ

(എൻ എസ് വിശ്വാനാഥൻ)

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്.

ഏറ്റവും നല്ല ദൃശ്യത്തിന് 1024 x 768 റെസല്യൂഷനിൽ IE 5 അല്ലെങ്കിൽ അതിനെക്കാൾ പുതിയത് ഉപയോഗിക്കുക.